"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ്-മലപ്പുറം മൂർക്കനാട് ഗ്രാമപഞ്ചായത്തിൽ കുടിവെള്ള വിതരണം നടത്തിയ വകയിൽ ചെലവായ തുക തനത് ഫണ്ടിൽ നിന്ന് വിനിയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(എഫ് .എം) വകുപ്പ്**

**സ.ഉ.(സാധാ) നം.1291/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 30/06/2020

---

പരാമർശം:- മൂർക്കനാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 26/02/2020ലെ നം.എ2/3040(2)/2020 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

മലപ്പുറം മൂർക്കനാട് ഗ്രാമപഞ്ചായത്തിൽ കുടിവെള്ളക്ഷാമം രൂക്ഷമായ സാഹചര്യത്തിൽ ജി.പി.എസ് ഘടിപ്പിക്കാതെ 01/04/2019 മുതൽ 30/04/2019 വരെ കുടിവെള്ള വിതരണം നടത്തിയതിനാൽ വിതരണക്കാരന് തുക നൽകുവാൻ കഴിഞ്ഞിട്ടില്ലെന്നും, തുടർന്ന് സർക്കാർ മാനദണ്ഡമനുസരിച്ച് പ്രസ്തുത വാഹനങ്ങളിൽ ജി.പി.എസ് ഘടിപ്പിച്ച് വിതരണം നടത്തിയെങ്കിലും തുക കൈമാറിയിട്ടില്ലെന്നും, ആയതിനാൽ വരൾച്ചയുടെ ഭാഗമായി പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ കുടിവെള്ളം വിതരണം നടത്തിയ വകയിൽ ചെലവായ 1403966/- രൂപ വിനിയോഗിക്കുന്നതിന് അനുമതി നൽകണമെന്നും പരാമർശ കത്ത് പ്രകാരം മൂർക്കനാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മൂർക്കനാട് ഗ്രാമപഞ്ചായത്തിൽ അടിയന്തിര സാഹചര്യത്തിൽ ജി.പി.എസ് ഘടിപ്പിക്കാതെ 01/04/2019 മുതൽ 30/04/2019 വരെ കുടിവെള്ള വിതരണം നടത്തിയ നടപടി സാധൂകരിച്ചും, 2019 ഏപ്രിൽ മെയ് മാസങ്ങളിൽ കുടിവെള്ള വിതരണം നടത്തിയതിൽ ചെലവായ ആകെ തുകയായ 1403966/- രൂപ (പതിനാല് ലക്ഷത്തി മൂവായിരത്തി തൊള്ളായിരത്തി അറുപത്തി ആറ് രൂപ ) രേഖകൾ പരിശോധിച്ച് കൃത്യത ഉറപ്പുവരുത്തി, മൂർക്കനാട് ഗ്രാമപഞ്ചയത്തിന്റെ തനത് ഫണ്ടിൽ നിന്നും വിനിയോഗിക്കുന്നതിന് അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**സുനിത ഐ**
**ഡെപ്യൂട്ടിസെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ

സെക്രട്ടറി, മൂർക്കനാട് ഗ്രാമപഞ്ചായത്ത്

ഡയറക്ടർ കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്

അക്കൗണ്ടന്റ് ജനറൽ(എൽ.ബി.എ & എ) കേരള

എക്സിക്യൂട്ടീവ് ഡയറക്ടർ ഇൻഫർമേഷൻ കേരള മിഷൻ(വെബസൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signature valid
Digitally signed by BINDU
Date: 2020.06.3[illegible]0:50:13 IST
Reason: Approved

പകർപ്പ്

തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്സിന്